# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.448 03.03.2020-ൽ മറുപടിയ്ക്ക്

**<u>വ്യാജ ലോട്ടറി ടിക്കറ്റുകൾ</u>**

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ<br>,, കെ. രാജൻ<br>,, എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാജ ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. വ്യാജ ഭാഗ്യക്കുറി ടിക്കറ്റുകൾ കണ്ടെത്തുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ Microletters pattern, Guilloche pattern, Opaque text pattern, Relief pattern, Void pantograph pattern, Invert Microline pattern എന്നീ ആറ് (06) സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ലോട്ടറി ഏജന്റുമാർക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ മുഖാന്തരം ബോധവൽക്കരണ ക്ലാസുകൾ നടത്തിവരികയും ചെയ്യുന്നു.<br>എഴുത്തുലോട്ടറി/വ്യാജലോട്ടറി സംബന്ധിച്ച് ഏജന്റുമാരിൽ നിന്നും വില്പനക്കാരിൽ നിന്നുമുള്ള പരാതികൾ സ്വീകരിച്ച് പോലീസിൽ പരാതി നൽകുന്നതിന് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>എഴുത്തുലോട്ടറി/വ്യാജലോട്ടറി സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് നേരിട്ട് അറിയിക്കുന്നതിന് ഭാഗ്യക്കുറി വകുപ്പിലൊരു ടോൾ ഫ്രീ നമ്പർ |
| (ബി) | വ്യാജ ലോട്ടറി ടിക്കറ്റുകൾ കണ്ടെത്തുന്നതിന് നിലവിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് ഉള്ളതെന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | (18004258474) ആരംഭിച്ചു. എഴുത്തു ലോട്ടറി/വ്യാജലോട്ടറി സംബന്ധിച്ച പരാതി യിന്മേൽ സുരക്ഷാപരിശോധന നടത്തി സാക്ഷ്യപത്രം നൽകുന്നതിന് ഭാഗ്യക്കുറി വകുപ്പിലെ അച്ചടി വിഭാഗം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമ്മാനത്തിന് ഹാജരാക്കുന്ന ടിക്കറ്റുകളുടെ നിജസ്ഥിതി പരിശോധിക്കു ന്നതിനായി ഏജന്റുമാർക്കും വില്പനക്കാർക്കും പ്രയോജനപ്രദമാകുന്ന ഒരു മൊബൈൽ ആപ്പ് NIC മുഖാന്തിരം വികസിപ്പിച്ചിട്ടുണ്ട്. |
| (സി) | ലോട്ടറി ടിക്കറ്റുകളുടെ 5000 രൂപ വരെയുള്ള സമ്മാനങ്ങൾ വില്പനക്കാർ തന്നെ നൽകി, പിന്നീട് ലോട്ടറി വകുപ്പിൽ നിന്ന് മാറിയെടുക്കുന്ന സാഹചര്യത്തിൽ വിൽപനക്കാരന് പണം നഷ്ടമാകാത്ത വിധം വ്യാജ ലോട്ടറികളെ കണ്ടെത്തുന്നതിന് അവരെ സഹായിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) & (ഡി) | വില്പനക്കാർ വ്യാജ ടിക്കറ്റുകൾ സ്വീകരിച്ച് കബളിപ്പിക്കപ്പെടാതിരിക്കുന്നതിനുള്ള നട പടിയുടെ ഭാഗമായാണ് മൊബൈൽ ആപ്പ് NIC മുഖാന്തിരം ഡെവലപ്പ് ചെയ്യുന്നത്. ഈ സാമ്പത്തികവർഷം ടി ആപ്പ് നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കറൻസിയ്ക്ക് സമാനമായി ടിക്കറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന അഞ്ചോളം സെക്യൂരിറ്റി ഫീച്ചറുകൾ വായിച്ചെടുക്കുവാനും ആയതിനെ അവലംബിച്ച് സമ്മാന വിതരണം നടത്തുന്നതിനുള്ള പരിശീലനം ഏജന്റുമാർക്കും വില്പനക്കാർക്കും ക്ഷേമനിധി ഫണ്ട് ബോർഡ് മുഖേന നൽകിയിട്ടുണ്ട്. ടിക്കറ്റുകളുടെ ആധികാരികത തിരിച്ചറിയു ന്നതിന് ടി പരിശീലനം ഒരു പരിധിവരെ സഹായകരമായിട്ടുണ്ട് |
| (ഡി) | വ്യാജ ലോട്ടറി ടിക്കറ്റ് കണ്ടെത്തു ന്നതിന് മൊബൈൽ ആപ്പ് ഏർപ്പെടു ത്തുമോ? | | |

സെക്ഷൻ ഓഫീസർ